ഐ.പി. യൂണിറ്റുകൾ പുനഃസ്ഥാപിക്കാൻ നടപടി

133 [909] ശ്രീ. സി. മമ്മൂട്ടി :

„ സി. മോയിൻകുട്ടി :

„ ടി. പി. എം. സാഹിർ :

„ നാലകത്ത് സൂപ്പി :

„ പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. പി. യൂണിറ്റുകൾ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും പി.എച്ച്.സി.-കളിലോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലോ ഐ.പി. യൂണിറ്റുകൾ നിർത്തലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും എന്നത്തേക്ക് പുനഃസ്ഥാപിക്കാൻ കഴിയുമെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകളിലോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലോ നിലവിലുള്ള ഐ. പി. സംവിധാനം നിർത്തലാക്കിയിട്ടില്ല. എന്നാൽ ഡോക്ടർമാരുടെ കുറവും മറ്റു ഭൗതികസൗകര്യങ്ങളുടെ അഭാവത്താലും ചില സ്ഥാപനങ്ങളിൽ ഐ. പി. സംവിധാനം മുടങ്ങിപ്പോയിട്ടുണ്ട്.

(ബി, സി) എം. പി. മാരുടെയും എം.എൽ.എ.-മാരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ (201 സ്ഥാപനങ്ങളിൽ) ആവശ്യമായ സ്റ്റാഫിന്റെ അഭാവത്താൽ പ്രവർത്തനരഹിതമായി കിടന്നിരുന്നത് പ്രവർത്തനക്ഷമമാക്കുന്നതിനായി 1200 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പുതുതായി സൃഷ്ടിച്ച 1200 തസ്തികകളിൽ (അസിസ്റ്റന്റ് സർജൻ—335, ഹെഡ് നേഴ്സ്—1, സ്റ്റാഫ് നേഴ്സ്—504, നേഴ്സിംഗ് അസിസ്റ്റന്റ്—188, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I—1, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II—171), ഡോക്ടർമാരുടെയും നേഴ്സുമാരുടെയും നിയമനം നടന്നുവരുന്നു. നേഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II എന്നിവയുടെ നിയമനത്തിന് ആവശ്യമായ പുതുക്കിയ മാനദണ്ഡം അനുസരിച്ചുള്ള ലിസ്റ്റ് നൽകുവാൻ അതാത് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത ലിസ്റ്റ് ലഭിക്കുന്നതിനനുസരിച്ച് നിയമനം നടത്തി ഐ. പി. ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly